# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ജൂലൈ 10**

---

## എംഎഡ് പ്രവേശനം; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അംഗീകൃത ടീച്ചേഴ്സ് ട്രെയിനിംഗ് കേന്ദ്രങ്ങളിൽ ഏകജാലക സംവിധാനം വഴിയുള്ള എംഎഡ് പ്രവേശനത്തിന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളേജുകളിൽ ബന്ധപ്പെട്ട് ജൂലൈ 17 നു മുൻപ് പ്രവേശനം നേടണം. ഒന്നാം വർഷ എം.എഡ് പ്രോഗ്രാമിന്റെ ക്ലാസുകൾ ജൂലൈ 18ന് തുടങ്ങും.

(പി.ആർ.ഒ/39/584/2024)

## ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോ ലെവൽ സർവേ ആന്റ് ഡ്രാഫ്റ്റിംഗ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ് നടത്തുന്ന ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോലെവൽ സർവേ ആന്റ് ഡ്രാഫ്റ്റിംഗ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ആധുനിക സർവേയിംഗ് ഉപകരണങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ തൊഴിൽ അധിഷ്ഠിത പരിശീലനമാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷകൾ ജൂലൈ 20 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ(https://ses.mgu.ac.in)ഫോൺ-8848343200, 8590282951, 9446767451, 6282023170

(പി.ആർ.ഒ/39/585/2024)

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെകനോളജിയിൽ എം.എസ്.സി ഫിസിക്സ് നാനോസയൻസ് ആന്റ് നാനോടെകനോളജിയിൽ രണ്ടും(ജനറൽ, എസ്.സി- ഒന്നു വീതം) എം.എസ്.സി കെമിസ്ട്രി നാനോസയൻസ് ആന്റ് നാനോടെകനോളജിയിൽ ഒന്നും(എസ്.സി) എംടെക്ക് നാനോസയൻസ് ആന്റ് നാനോടെക്നോളജിയിൽ പത്തും( ജനറൽ-അഞ്ച്, ഈഴവ, കുടുംബി, എസ്.സി, ഒ.ബി.സി (എക്സ്), ഇ.ഡബ്ല്യു.എസ് -ഒന്നുവീതം) സീറ്റുകൾ ഒഴിവുണ്ട്.

അർഹരായവർ ജൂലൈ 12ന് രാവിലെ 11.30ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ(https://snsnt.mgu.ac.in) ഫോൺ -9995108534, 9188606223.

..........................................

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻറ് ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ എംഎ ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്പമന്റ് സ്റ്റഡീസ് പ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അർഹരായ വിദ്യർഥികൾ അസ്സൽ രേഖകളുമായി ജുലൈ 15നു രാവിലെ വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ- 0481-2731039.

..........................................

മൂലമറ്റം സെന്റ് ജോസഫ് അക്കാദമി ഓഫ് ഹയർ എജ്യുക്കേഷൻ ആന്റ് റിസർച്ചിൽ ബിപിഇഎഡ് പ്രോഗ്രാമിൽ 17 ഉം ബിപിഇഎസ് പ്രോഗ്രാമിൽ 44 ഉം ഒഴിവുകളുണ്ട്. സർവകലാശാലാ ക്യാറ്റ് പ്രോസ്പക്ട്സ് പ്രകാരം യോഗ്യത ഉള്ള വിദ്യാർഥികൾ ജൂലൈ 18 ന് രാവിലെ 7.30 ന് അസ്സൽ രേഖകളുമായി മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എത്തണം. അഡ്മിഷൻ നടപടികളുടെ ഭാഗമായി കായികക്ഷമത പരീക്ഷ, എഴുത്ത് പരീക്ഷ, സർട്ടിഫിക്കറ്റ് പരിശോധന എന്നിവ അന്നുതന്നെ നടത്തും. ഫോൺ- 0481-2733377

(പി.ആർ.ഒ/39/586/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ്സി ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് സിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 22 മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ എംഎസ്സി മൈക്രോബയോളജി (സി.എസ്.എസ് 2022 അഡ്മിഷൻ റെഗുലർ, 2019, 2021 അഡ്മിഷൻ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ കോളേജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/587/2024)

## പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി, പി.ജി അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്ന് വർഷ ബിരുദ, രണ്ട് വർഷ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളുടെ ഫുൾ, നോൺഫുൾ കോഴ്സുകളിലേക്ക് ജൂലൈ 11 മുതൽ ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാം.
ഫൈനോടു കൂടി സെപ്റ്റംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി സെപ്റ്റംബർ 30 വരെയും അപേക്ഷ സ്വീകരിക്കും, വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/589/2024)

## പരീക്ഷാ തീയതി

എഴാം സെമസ്റ്റർ ഐഎംസിഎ (2017, 2018, 2019 അഡ്മിഷനുകൾ സപ്ലിമെൻററി) എഴാം സെമസ്റ്റർ ഡിഡിഎംസിഎ (2014, 2015, 2016 അഡ്മിഷൻ മെഴ്സി ചാൻസ് ) പരീക്ഷകൾ ജൂലൈ 26 ന് ആരംഭിക്കും.

(പി.ആർ.ഒ/39/590/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**